## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4864 | 21.10.2011ൽ മറുപടിയ്ക്ക് |
|---|---|

### അംഗൻവാടി ജീവനക്കാർക്ക് ഓണറേറിയം വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജുഎബ്രഹാം | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) അംഗൻവാടി ജീവനക്കാർക്ക് ആഗസ്റ്റ് മാസം വരെ ലഭിച്ചു വരുന്ന പ്രതിമാസ ഓണറേറിയം എത്ര രൂപ വീതമാണ്; ഈ നിരക്കിൽ ഓണറേറിയം നൽകാൻ തുടങ്ങിയത് എന്ന് മുതലാണ്; | (എ) അംഗൻവാടി ജീവനക്കാർക്ക് ആഗസ്റ്റ് മാസംവരെ ലഭിച്ചു വരുന്ന പ്രതിമാസ ഓണറേറിയം ചുവടെ ചേർക്കും പ്രകാരമാണ്. |

| | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
|---|---|---|---|---|
| | അംഗൻവാടി വർക്കർ | | | |
| 1 | നോൺമെട്രിക്കുലേറ്റ് | 1438 | 550 | 1988 |
| 2 | നോൺമെട്രിക്കുലേറ്റ് 5 വർഷത്തിനു-മേൽ സർവ്വീസുള്ളവർ | 1469 | 550 | 2019 |
| 3 | നോൺമെട്രിക്കുലേറ്റ് 10 വർഷത്തിനു-മേൽ സർവ്വീസുള്ളവർ | 1500 | 550 | 2050 |
| 4 | മെട്രിക്കുലേറ്റ് | 1500 | 550 | 2050 |
| 5 | മെട്രിക്കുലേറ്റ് 5 വർഷത്തിനു-മേൽ സർവ്വീസുള്ളവർ | 1531 | 550 | 2081 |
| 6 | മെട്രിക്കുലേറ്റ് 10 വർഷത്തിനു-മേൽ സർവ്വീസുള്ളവർ | 1563 | 550 | 2113 |
| | അംഗൻവാടി ഹെൽപ്പർ | 750 | 550 | 1300 |

ടി നിരക്ക് 1.4.2008 മുതലാണ് നൽകി വരുന്നത്.

| | | |
|---|---|---|
| (ബി) | മുൻ സർക്കാരിന്റെ അവസാന ബഡ്ജറ്റിൽ ഈ തുകയിൽ എത്ര രൂപയുടെ വർദ്ധനവ് വരുത്തുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; ആയത് എന്നുമുതൽ നൽകുമെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരുന്നത്; | (ബി) മുൻ സർക്കാരിന്റെ അവസാന ബഡ്ജറ്റിൽ സംസ്ഥാന വിഹിതം 550/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ടി വർദ്ധനവ് എന്നു മുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കിയിട്ടില്ലായിരുന്നു. |
| (സി) | ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം അവതരിപ്പിച്ച ബഡ്ജറ്റിൽ അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് പ്രഖ്യാപിച്ചിരുന്നോ; എത്ര രൂപയുടെ വർദ്ധനവാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്; | (സി) ഈ സർക്കാരിന്റെ ബഡ്ജറ്റിലും അംഗൻവാടി ജീവനക്കാർക്ക് സംസ്ഥാന വിഹിതത്തിൽ 450/- രൂപയുടെ വർദ്ധനവാണ് പ്രഖ്യാപിച്ചിരുന്നത്. |
| (ഡി) | ബഡ്ജറ്റ് പ്രഖ്യാപനത്തിനുശേഷം അംഗൻവാടിജീവനക്കാരുടെ പ്രതിമാസ ഓണറേറിയം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്രരൂപയുടെ വർദ്ധനവാണ് ഓരോ വിഭാഗത്തിനും നൽകാൻ തീരുമാനിച്ചത്; ഇത് എന്നു മുതൽ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്; | (ഡി) അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 550/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ച് 27.8.2011 ലെ സ.ഉ (എം.എസ്) നം. 41/2011/സാക്ഷേവ പ്രകാരം ഉത്തരവാകുകയും ടി വർദ്ധനവിന് 2011 ആഗസ്റ്റ് മാസം മുതൽ പ്രാബല്യം നൽകി 5.9.2011 ലെ സ.ഉ (എം.എസ്) നം. 46/2011/സാക്ഷേവ പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം ഓണറേറിയത്തിലെ കേന്ദ്ര വിഹിതത്തിൽ അംഗൻവാടി വർക്കർക്ക് 1500/- രൂപയും ഹെൽപ്പർക്ക് 750/- രൂപയും പ്രതിമാസ വർദ്ധനവ് 1.4.2011 മുതൽ പ്രാബല്യത്തിൽ വരുത്തി 28.9.2011 ലെ സ.ഉ (എം.എസ്) നം. 49/2011/സാക്ഷേവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | മുൻസർക്കാർ പ്രഖ്യാപിച്ച 450 രൂപ വേതനം ഏപ്രിൽ മുതൽ നൽകാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്; | (ഇ) യും(എഫ്)ഉം<br>ഇക്കാര്യം പരിശോധിച്ച ശേഷമേ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |
| (എഫ്) | പുതിയ സാമ്പത്തികവർഷ ആരംഭം മുതൽ ഓണറേറിയം വർദ്ധിപ്പിച്ചു നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | |

സെക്ഷൻ ഓഫീസർ